സിവിൽ സപ്ലൈസ് കോർപ്പറേഷനിലെ സെൻട്രലൈസ്ഡ് പർച്ചേസിംഗ് സിസ്റ്റം

52 [1949] ശ്രീ. ടി. എം. ജേക്കബ്:

,, ജോണി നെല്ലൂർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സിവിൽ സപ്ലൈസ് കോർപ്പറേഷനിൽ നിലവിലുണ്ടായിരുന്ന സെൻട്രലൈസ്ഡ് പർച്ചേസിംഗ് സിസ്റ്റത്തിന് മാറ്റം വരുത്തിയിട്ടുണ്ടോ ; എങ്കിൽ സർക്കാരിന്റെയോ ബോർഡിന്റെയോ മുൻകൂർ അനുമതിയോടെ ആണോ മാറ്റം വരുത്തിയിട്ടുള്ളതെന്ന് അറിയിക്കുമോ ;

(ബി) സെൻട്രലൈസ്ഡ് പർച്ചേസിംഗ് ടെണ്ടറിലൂടെ വാങ്ങുന്ന സാധനങ്ങൾ ലോക്കലായി വാങ്ങാറുണ്ടോ ; എങ്കിൽ അത് ടെണ്ടർവഴിയാണോ വാങ്ങുന്നതെന്ന് പറയാമോ ;

(സി) സെൻട്രലൈസ്ഡ് പർച്ചേസിംഗ് സിസ്റ്റം പ്രകാരം ഹെഡ്ഓഫീസ് വഴി ടെണ്ടർ നടക്കുന്ന മാസങ്ങളിൽ റീജിയണൽ ഓഫീസുകളിൽ ടെണ്ടർ നടത്താറുണ്ടോ ; എങ്കിൽ ഏതുമാസം മുതൽ എന്ന് വ്യക്തമാക്കാമോ ;

(ഡി) ഓരോ മാസങ്ങളിലും നടന്ന ടെണ്ടറുകളിൽ ഹെഡ്ഓഫീസിലും റീജിയണൽ ഓഫീസുകളിലും എത്രപേർ വീതം പങ്കെടുത്തു എന്നും അവർ ആരെല്ലാം ആണെന്നും വിശദമാക്കുമോ?

ഉത്തരം

(എ) ഉണ്ട്. ബോർഡിന്റെ അനുമതിയോടെയാണ്.

(ബി) അത്യാവശ്യ ഘട്ടങ്ങളിൽ സ്റ്റോക്ക് ഔട്ട് ഒഴിവാക്കുന്നതിന് ലോക്കലായി വാങ്ങാറുണ്ട്. ടെണ്ടറിലെ നിരക്കിലോ അതിലും കുറച്ചോ വാങ്ങാൻ ഡിപ്പോ മാനേജ്മെന്റ് കമ്മിറ്റിക്ക് അധികാരം കൊടുത്തിട്ടുണ്ട്.

(സി) ഉണ്ട്. 2004 നവംബർ മാസം മുതൽ.

(ഡി) വിശദവിവരം അനുബന്ധമായി ചേർക്കുന്നു. †

സിവിൽ സപ്ലൈസ് കോർപ്പറേഷനിലെ സാധനങ്ങളുടെ മാർക്കറ്റ്

53 [1950] ശ്രീ. ടി. എം. ജേക്കബ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സിവിൽ സപ്ലൈസ് കോർപ്പറേഷൻ മാർക്കറ്റ് റേറ്റ് എന്തിന്റെ അടിസ്ഥാനത്തിലാണ് തീരുമാനിക്കുന്നതെന്ന് വ്യക്തമാക്കാമോ ;

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ 2001 മുതൽ 2004 സെപ്റ്റംബർ വരെയുള്ള കാലയളവിൽ പൾസസ് ആന്റ് സ്പൈസസിന്റെ മാർക്കറ്റ് വില എന്തായിരുന്നു എന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത കാലയളവിൽ നടന്ന പൾസസ് ആന്റ് സ്പൈസസ് ടെണ്ടറിൽ എന്തെങ്കിലും അഴിമതി നടന്നതായി ആക്ഷേപം ഉണ്ടായിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം ഉദ്യോഗസ്ഥൻമാരുടെയും രാഷ്ട്രീയക്കാരുടെയും പേരിലാണ് എന്ന് അറിയിക്കാമോ;

(ഡി) മുൻ സർക്കാരിന്റെ കാലത്ത് ടെണ്ടർ കണ്ടീഷൻ ലംഘിച്ചുകൊണ്ട് പൾസസ് ആന്റ് സ്പൈസസിന്റെ ടെണ്ടർ വിളിക്കുകയോ, ടെണ്ടർ കണ്ടീഷന് വിരുദ്ധമായി സപ്ലൈ ഓർഡർ നൽകുകയോ ചെയ്തിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ;

(ഇ) പൾസസ് ആന്റ് സ്പൈസസിന്റെ ടെണ്ടർ പ്രകാരമുള്ള സപ്ലൈ ഓർഡറുകളിൽ 2001 മുതൽ 2004 സെപ്റ്റംബർ വരെയുള്ള കാലയളവിൽ കോർപ്പറേഷൻ ഡയറക്ടർ ബോർഡിന്റെ അംഗീകാരമില്ലാതെയോ അഭിപ്രായത്തെ അവഗണിച്ചുകൊണ്ടോ എന്തെങ്കിലും ഓർഡർ നൽകിയിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കാമോ?

ഉത്തരം

(എ) പേപ്പർ റേറ്റ്, മണിപ്രൈസ്, റീജിയനിൽ നിന്നു ലഭിക്കുന്ന വില നിലവാരം എന്നിവ കണക്കിലെടുത്താണ് ഓരോ മാസത്തേയും മാർക്കറ്റ് റേറ്റ് നിശ്ചയിക്കുന്നത്.

(ബി) വിവരം ശേഖരിച്ചു വരുന്നു.

(സി) ഉണ്ട്. ഇവ പരിശോധിച്ചു വരുന്നു.

(ഡി) മുൻ സർക്കാരിന്റെ കാലത്ത് ടെണ്ടർ കണ്ടീഷൻ ലംഘിച്ചുകൊണ്ട് പൾസസ് ആന്റ് സ്പൈസസിന്റെ ടെണ്ടർ വിളിക്കുകയോ, ടെണ്ടർ കണ്ടീഷന് വിരുദ്ധമായി സപ്ലൈ ഓർഡർ നൽകുകയോ ചെയ്തിട്ടുണ്ടോ എന്ന വിഷയത്തിൽ അക്കൗണ്ടന്റ് ജനറൽ ആഫീസിലെ ഉദ്യോഗസ്ഥരും, ധനകാര്യ വിഭാഗം ഉദ്യോഗസ്ഥരും അന്വേഷണം നടത്തിക്കൊണ്ടിരിക്കുകയാണ്. സപ്ലൈ ഓർഡറിൽ ടെണ്ടറിൽ കിട്ടിയ വില രേഖപ്പെടുത്താതിരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഇ) കോർപ്പറേഷൻ ഡയറക്ടർ ബോർഡിൽ എല്ലാ ധാന്യമാർക്കറ്റിലേയും പത്രങ്ങളിൽ വന്ന വിലയും മറ്റും കോർപ്പറേഷൻ വയ്ക്കാറുണ്ട്. ഇപ്രകാരം ഡയറക്ടർ ബോർഡിന്റെ അജണ്ടയിലുണ്ടായിരുന്ന എല്ലാ ഡേറ്റയും വിവരങ്ങളും വച്ചായിരുന്നോ പൾസസ് ആന്റ് സ്പൈസസിന്റെ ടെണ്ടർ പ്രകാരമുള്ള സപ്ലൈ ഓർഡറുകൾ നൽകാൻ ബോർഡ് തീരുമാനിച്ചത് എന്ന കാര്യത്തിൽ ധനകാര്യ വിഭാഗം അന്വേഷണം നടത്തി വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly